## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 806.** **27.04.2017 ൽ മറുപടിയ്ക്ക്**

### വിമുക്തി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, കെ. കെ. രാമചന്ദ്രൻ നായർ : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി ഉപയോഗം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ തടയുന്നതിനും ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും വിമുക്തി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പങ്കാളിത്തം, നടത്തിപ്പ് എന്നിവ സംബന്ധിച്ച വിശദ വിവരം നൽകുമോ; | (ബി) | സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജനസമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ റസിഡന്റ്സ് അസോസിയേഷൻ എന്നിവയുടെ പങ്കാളിത്തത്തോടുകൂടിയാണ് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നത്.<br>വിമുക്തി മിഷന് ബഹു.മുഖ്യമന്ത്രി ചെയർമാനും, എക്സൈസ് വകുപ്പുമന്ത്രി വൈസ്ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായി ഒരു ഗവേണിംഗ് ബോഡി രൂപീകരിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ടൂറിസം, കായികവും യുവജനക്ഷേമവും, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, സാംസ്കാരികകാര്യം, മത്സ്യബന്ധനം എന്നീ വകുപ്പ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, കലാ -കായിക - സാംസ്കാരിക, സാഹിത്യ സന്നദ്ധ സംഘടനാ പ്രതിനിധികൾ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, അഡ്വക്കേറ്റ് ജനറൽ, കേരള പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എന്നിവർ ഈ-ഗവേണിംഗ് ബോഡിയിൽ അംഗങ്ങളാണ്.<br><br>വിമുക്തി മിഷന് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനായും, നികുതി വകുപ്പ് അഡീ.ചീഫ് സെക്രട്ടറി വൈസ് ചെയർമാനായും, എക്സൈസ് കമ്മീഷണർ കൺവീനറായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റികളും അതോടൊപ്പം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും (ജില്ലാ/ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്) വാർഡ് തലത്തിലും (ജില്ല/ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്) എന്നീ തലങ്ങളിൽ 'വിമുക്തി' കമ്മിറ്റികൾക്ക് രൂപം നൽകി |

| | | | |
|---|---|---|---|
| | | | യിട്ടുള്ളതാണ്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്റ്റേറ്റ് കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ, ആരോഗ്യ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ സാന്നിദ്ധ്യം ഉറപ്പാക്കുമോ? | (സി) | വിമുക്തി പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ/ കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.സി.സി, എൻ.എസ്.എസ്, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, ആരോഗ്യ വകുപ്പ്, ആർട്സ്/സ്പോർട്സ് ക്ലബ്ബുകൾ, ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, വിദ്യാർത്ഥി - യുവജന മഹിളാ സംഘടനകൾ, കലാകായിക സാംസ്കാരിക സാഹിത്യം, മാധ്യമ രംഗത്തെ പ്രതിനിധികൾ ബഹു.എം.പി.മാർ, എം.എൽ.എമാർ, വാർഡു മെമ്പർമാർ, അംഗൻവാടി, ആശാവർക്കർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നിവരെയൊക്കെ വിവിധ തലത്തിലുള്ള വിമുക്തി കമ്മിറ്റികളിൽ അംഗങ്ങളാക്കി അവരുടെ സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**